"ഭരണഭാഷ - മാതൃഭാഷ"

**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/36091/15

തൊഴിൽ ഭവൻ, തിരുവനന്തപുരം

തീയതി: 30.05.2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പരീക്ഷാ വിഭാഗം- ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 (സെമസ്റ്റർ സ്കീം)- ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ മേൽനടപടികൾക്കുള്ള ഫീസ് ഒടുക്കുന്നത് - മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജൂലൈ 2017 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിവിധ വിജ്ഞാപനങ്ങൾ

***************

ജൂലൈ 2017 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്ന ഓരോ ട്രെയിനിയിൽ നിന്നും ഒ.എം.ആർ. ഷീറ്റുകളുടെ മേൽ നടപടികൾക്കുള്ള ഫീസായ (75/- രൂപ വീതം) കൈപ്പറ്റി ഡി.ജി.റ്റി.ക്ക് കൈമാറേണ്ടതുണ്ട്. ഇത്തരത്തിൽ ടി പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളുടേയും ഒ.എം.ആർ ഫീസ് കൈപ്പറ്റി സൂക്ഷിക്കാൻ എല്ലാ സ്ഥാപനമേധാവികൾക്കും വിവിധ വിജ്ഞാപനങ്ങളിലൂടെ നിർദ്ദേശവും നൽകിയിരുന്നു.

ഇത്തരത്തിൽ ട്രെയിനികളിൽ നിന്നും കൈപ്പറ്റിയ ഒ.എം.ആർ. ഫീസിനത്തിൽ കൈപ്പറ്റിയ തുകയിൻമേലുള്ള മേൽനടപടികളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**I. സ്വകാര്യ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി ഐ.ടി.ഐ. മേധാവികൾക്കുള്ള നിർദ്ദേശങ്ങൾ**

1. **ട്രെയിനികളിൽ നിന്ന് ഒ.എം.ആർ. ഫീസിനത്തിൽ ലഭ്യമായ തുക അതത് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് ക്യാഷായി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നിശ്ചയിക്കുന്ന തീയതിയ്ക്ക് തന്നെ കൈമാറേണ്ടതാണ്.**
2. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമ-1 ന്റെ മൂന്ന് പകർപ്പ് തയ്യാറാക്കേണ്ടതും സത്യവാങ്മൂലത്തിൽ ഒപ്പ് രേഖപ്പെടുത്തി ഒരു പകർപ്പ് അതത് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും രണ്ട് പകർപ്പുകൾ ഒ.എം.ആർ. ഫീസിനോടൊപ്പം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതുമാണ്.
3. ടി പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളുടേയും ഒ.എം.ആർ ഫീസ് കൈപ്പറ്റി ഒറ്റ തവണയായി ആണ് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടത്. പല തവണയായി ടി ഫീസ് ഒടുക്കാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.
4. ടി പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ചതും ഫീസ് ലഭ്യമാക്കിയതുമായ ട്രെയിനികളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന (പ്രഫോർമ -2) ന്റെ മാതൃകയിൽ ആയിരിക്കണം ടി രജിസ്റ്ററുകൾ തയ്യാറാക്കേണ്ടത്. ടി രജിസ്റ്റർ എപ്പോൾ വേണമെങ്കിലും പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കേണ്ടതാണ്.
5. ടി ഫീസ് ക്യാഷായി ആണ് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടത് ടി നിർദ്ദേശം പാലിക്കാതെ മറ്റേതെങ്കിലും രീതി അവലംബിച്ചാൽ പ്രസ്തുത സ്ഥാപനമേധാവിയിൽ നിന്നും വീണ്ടും ടി ഇനത്തിൽ ഫീസ് ഈടാക്കുന്നതാണ് എന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.
6. ടി പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളുടേയും ഫീസ് എല്ലാം തന്നെ കൈപ്പറ്റിയിട്ടുണ്ട് എന്ന് അതത് സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ ഫീസ് ഒടുക്കാത്ത ട്രെയിനികളുടെ

വിവരങ്ങൾ പിന്നീട് കണ്ടെത്തുകയാണെങ്കിൽ സ്ഥാപനമേധാവികൾക്കെതിരെ കർശന നടപടികൾ തന്നെ സ്വീകരിക്കുന്നതാണ്.

**II.ഗവ.ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കുള്ള നിർദ്ദേശങ്ങൾ**

1. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനമേധാവികൾക്കും ഫീസ് കൈമാറുന്നതിന് തീയതി നിശ്ചയിച്ച് അവരെ അറിയിക്കേണ്ടതും ടി തീയതിയിൽ തന്നെ ടി ഫീസ് ഒടുക്കണമെന്നുള്ള കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

2. തങ്ങളുടെ അധീനതയിൽ വരുന്ന സ്വകാര്യ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി ഐ.ടി.ഐ. കളിൽ നിന്ന് ക്യാഷായി ലഭ്യമാക്കുന്ന ഫീസ് കൈപ്പറ്റേണ്ടതും ലഭ്യമാക്കുന്ന പ്രഫോർമയിലെ വിവരങ്ങൾ പരിശോധിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട ഫിനാൻഷ്യൽ കോഡിലെ എല്ലാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

3. ടി സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ഫീസിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ച് പ്രഫോർമ 1 ലെ വിവരങ്ങളുമായി ഒത്ത് നോക്കി മേലൊപ്പ് ചാർത്തി നൽകേണ്ടതാണ്. ഗവൺമെന്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്ഥാപനത്തിലെ ട്രെയിനികളുടെ ഫീസിന്റെ വിവരങ്ങൾ, പ്രഫോർമ 1 (a) ൽ തയ്യാർ ചെയ്യേണ്ടതാണ്. പ്രഫോർമ - 1, 1 (a) യിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രഫോർമ 3(A), 3 (B) തയ്യാറാക്കേണ്ടതാണ്.

4. പ്രൈവറ്റായി എൻ.സി.വി.റ്റി. പരീക്ഷ എഴുതുന്ന ട്രെയിനികളിൽനിന്ന് ഒ.എം.ആർ ഫീസ് കൈപ്പറ്റേണ്ടത് പ്രസ്തുത ട്രെയിനികൾക്ക് ഹാൾടിക്കറ്റ് നൽകുന്ന ഐ.ടി.ഐ. കളാണ്. ഇത് പ്രഫോർമ 1 (a) ൽ 'പ്രൈവറ്റ്' എന്ന് രേഖപ്പെടുത്തി നൽകണം.

5. **തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് കൈപ്പറ്റിയ ഫീസും തങ്ങളുടെ സ്ഥാപനത്തിലെ ട്രെയിനികളുടെ ഫീസും ഉൾപ്പെടുത്തി 'ഡയറ്കടർ ഓഫ് ട്രെയിനിംഗ്' ന്റെ പേരിൽ തിരുവനന്തപുരം, ജഗതി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ- യുടെ ശാഖയിൽ മാറാവുന്ന വിധത്തിൽ ഒറ്റ ഡി.ഡി. എടുക്കേണ്ടതാണ്. ഡി.ഡി. 'ഡയറ്കടർ ഓഫ് ട്രെയിനിംഗ്' ന്റെ പേർക്ക് ആണ് എടുക്കേണ്ടത് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.**

6. പ്രസ്തുത ഡി.ഡി., പ്രഫോർമ -1, പ്രഫോർമ -1(a), പ്രഫോർമ 3(A), 3 (B) എന്നിവ പ്രത്യേക ദൂതൻ മുഖാന്തിരം 26-06-2017 നകം ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

ട്രെയിനികളിൽ നിന്നും ലഭ്യമാക്കുന്ന ഫീസ് ഒറ്റ ഡി.ഡിയാക്കി ഡി.ജി.റ്റിക്ക് കൈമാറേണ്ടതിനാൽ 26-06-2017 നകം തന്നെ പ്രസ്തുത ഡി.ഡി.കൾ പരീക്ഷവിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല. ട്രെയിനികളിൽ നിന്ന് ഫീസ് കൈപ്പറ്റി അടക്കാത്ത സാഹചര്യം ഉണ്ടായാൽ ആയതിന് അതത് സ്ഥാപന മേധാവികൾക്ക് മാത്രമാണ് ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഗവ/ എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി
സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:-
വകുപ്പ് വെബ്സൈറ്റിലേക്ക്

കുറിപ്പ്:- ജി1/35222/14 നമ്പരായുള്ള 24.12.14 ലെ ചുറ്ററിയിപ്പ് പ്രകാരം നോഡൽ ഐ.ടി.ഐകളെ പുനഃക്രമീകരിച്ചിരുന്നു. ടി ഐ.ടി.ഐകളിലാണ് ബന്ധപ്പെട്ട എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി സ്ഥാപന മേധാവികൾ ഫീസ് കൈമാറേണ്ടതാണ്.

എസ്സ്/01.06

# പ്രഫോർമ-1
## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 (സെമസ്റ്റർ സ്കീം)

ഒ.എം.ആർ ഷീറ്റുകളുടെ മേൽനടപടികൾക്കായുള്ള ഫീസിന്റെ വിശദ വിവരങ്ങൾ സ്വകാര്യ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടത്

| ക്രമ നം. | സ്ഥാപന ത്തിന്റെ പേര് | സെമസ്റ്റർ | ട്രേഡ് | ട്രെയിനിയു ടെ പേര് | തുക |
|---|---|---|---|---|---|
| 1 | 2 | | 3 | 4 | 6 |
| | | | | | |
| | | | ആകെ | .............. ട്രെയിനികൾ | .............. രൂപ |

(രൂപ അക്കത്തിലും അക്ഷരത്തിലും)

എന്റെ സ്ഥാപനത്തിൽ എ.ഐ.ടി.ടി ജൂലൈ 2017 (സെമസ്റ്റർ സ്കീം) പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളുടെയും ഫീസായ ............ രൂപ (അക്ഷരത്തിൽ) കൈപ്പറ്റി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് കൈമാറിയിട്ടുണ്ട് എന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി

സ്ഥാപനമേധാവിയുടെ ഒപ്പും സീലും

(ഓഫീസ് സീൽ)

## പ്രഫോർമ-1 (a)
## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 (സെമസ്റ്റർ സ്കീം)

ഒ.എം.ആർ ഷീറ്റുകളുടെ മേൽനടപടികൾക്കായുള്ള ഫീസിന്റെ വിശദ വിവരങ്ങൾ ഗവ. ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടത്

| ക്രമ നം. | സ്ഥാപന ത്തിന്റെ പേര് | സെമസ്റ്റർ | ട്രേഡ് | ട്രെയിനിയുടെ പേര് | റെഗുലർ/ എസ്.സി.വി.റ്റി . പ്രൈവറ്റ്/ ഇൻഡസ്ട്രിയ ൽ വർക്കേഴ്സ് | തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |
| | | | ആകെ | | .............. ട്രെയിനികൾ | .............. രൂപ |

(രൂപ അക്കത്തിലും അക്ഷരത്തിലും)

എന്റെ സ്ഥാപനത്തിൽ നിന്നും എ.ഐ.ടി.ടി ജൂലൈ 2017 (സെമസ്റ്റർ സ്കീം) പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ച എല്ലാ ട്രെയിനികളുടെയും ഫീസായ ............ രൂപ (അക്ഷരത്തിൽ) കൈപ്പറ്റിയിട്ടുണ്ടെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി                                        സ്ഥാപനമേധാവിയുടെ ഒപ്പും സീലും

(ഓഫീസ് സീൽ)

<u>പ്രഫോർമ-2</u>

സ്വകാര്യ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി സ്ഥാപനമേധാവികൾ തയ്യാറാക്കേണ്ട രജിസ്റ്ററിന്റെ മാതൃക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സെമസ്റ്റർ | ട്രേഡ് | ട്രെയിനിയുടെ പേര് | തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | | ആകെ ................ട്രെയിനികൾ................തുക | | |

(രൂപ അക്കത്തിലും അക്ഷരത്തിലും)

പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിശോധനയിൽ നിന്നും ശരിയാണെന്ന് ബോധ്യപ്പെട്ടു. .........................രൂപ (അക്ഷരത്തിൽ) ടി സ്ഥാപനത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്.

(ഓഫീസ് സീൽ)

നോഡൽ ഐ.ടി.ഐ
പ്രിൻസിപ്പാളിന്റെ ഒപ്പും സീലും

## പ്രഫോർമ-3(എ)

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 (സെമസ്റ്റർ സ്കീം)

ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ പ്രിന്റിംഗ്, പാക്കിംഗ്, മൂല്യനിർണ്ണയം എന്നിവയ്ക്കായി ഫീസിനത്തിൽ ഡി.ജി.റ്റിക്ക് നൽകേണ്ട തുകയുടെ വിവരങ്ങൾ :

(നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തയ്യാർ ചെയ്ത് നൽകേണ്ടത്)

| ക്രമ നം. | സ്ഥാപന ത്തിന്റെ പേര് | ആകെ ട്രെയിനികൾ | ഒ.എം.ആർ ഫീസിനത്തിൽ ലഭ്യമായ ആകെ തുക |
|---|---|---|---|
| 1 | 2 | 3 | 4 |
| | | | |
| ആകെ .................... ട്രെയിനികൾ .....................തുക | | | |

(രൂപ അക്കത്തിലും അക്ഷരത്തിലും)

എന്റെയും/എന്റെ സ്ഥാപനത്തിന്റെ അധീനതയിലും വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫീസിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് ടി പ്രഫോർമയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തീയതി

പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസറിന്റെ ഒപ്പും സീലും

(ഓഫീസ് സീൽ)

# പ്രഫോർമ-3(ബി)

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 (സെമസ്റ്റർ സ്കീം) നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടത്

| ക്രമ നം. | ആകെ സ്ഥാപന ങ്ങളുടെ എണ്ണം | ഏത് സെമസ്റ്റർ പരീക്ഷ എഴുതി എന്നുള്ള വിവരം (സെമസ്റ്റർ തിരിച്ച്) | | | | ആകെ തുക |
|---|---|---|---|---|---|---|
| | | സെമസ്റ്റർ 1 (സപ്ലിമെന്ററി) | സെമസ്റ്റർ 2 ( റഗുലർ/ സപ്ലിമെന്ററി) | സെമസ്റ്റർ 3 (സപ്ലിമെന്ററി) | സെമസ്റ്റർ 4 ( റഗുലർ/ സപ്ലിമെന്ററി) | |
| | | | | | | |
| | | | | | | |
| | | ആകെ..................ട്രെയിനികൾ......................തുക | | | | |

തീയതി　　　　　　　　　　പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസറിന്റെ ഒപ്പും സീലും

(ഓഫീസ് സീൽ)

എസ്സ്/